# CENTENARY EDU. FUND OF THE ARCHEPARCHY OF KOTTAYAM

CATHOLIC METROPOLITAN'S HOUSE
**P.B. No. 71, KOTTAYAM - 686 001, KERALA, INDIA.**
Web www.cefakottayam.webnode.com E-mail: cefak2011@gmail.com

പ്രിയ സഹോദരങ്ങളെ,

ഈശോമിശിഹായ്ക്ക് സ്തുതിയുണ്ടായിരിക്കട്ടെ,

ശതാബ്ദി വിദ്യാഭ്യാസഫണ്ട് ഒരു തുടർപദ്ധതിയായി മുന്നോട്ടുകൊണ്ടുപോകണമെന്നുള്ള മൂന്നാമത് അതിരൂപതാ അസംബ്ലിയുടെ നിർദ്ദേശം വീണ്ടും ഓർമ്മപ്പെടുത്തുന്നു. എല്ലാവർഷവും പെസഹാവ്യാഴാഴ്ച ഈ നിയോഗത്തിലേക്ക് പ്രത്യേക സംഭാവനകൾ സ്വീകരിക്കണമെന്നുള്ള അസംബ്ലിയുടെ നിർദ്ദേശമനുസരിച്ച് കഴിഞ്ഞവർഷം 55,68583 രൂപാ നമുക്ക് സമാഹരിക്കാൻ സാധിച്ചു. സഹകരിച്ച നിങ്ങൾക്കോരോരുത്തർക്കും ഞാൻ സ്നേഹപൂർവ്വം നന്ദിപറയുന്നു. ഈ വർഷം പുതുതായി തിരഞ്ഞെടുത്ത 190 ഗുണഭോക്താക്കൾ ഉൾപ്പെടെ കഴിഞ്ഞ ആറുവർഷം കൊണ്ട് അതിരൂപതയിലെ 1120 പേർക്ക് ശതാബ്ദി വിദ്യാഭ്യാസഫണ്ടിന്റെ പ്രയോജനം എത്തിക്കുവാൻ സാധിച്ചിട്ടുണ്ട്.

ഈ വർഷം ഒരു കോടി പതിനേഴ് ലക്ഷം രൂപാ ഗുണഭോക്താക്കൾക്കായി നാം വിതരണം ചെയ്തു. അടുത്തവർഷവും ഇത്രയും തന്നെ തുകയുടെ ചെലവ് പ്രതീക്ഷിക്കുന്നു. 2011 ൽ ആരംഭിച്ച ഈ പദ്ധതിയിലൂടെ സഹായം ലഭിച്ചിട്ടുള്ള കുട്ടികളിൽ ചിലരെങ്കിലും ജോലിയിൽ പ്രവേശിച്ചു തുടങ്ങിയിട്ടുണ്ട്. ലഭിച്ച തുക പലരും ഗഡുക്കളായി തന്നുതുടങ്ങിയിട്ടുണ്ട്. സഹായം കിട്ടിയവർ വീഴ്ചവരുത്താതെ പണം തിരിച്ചടയ്ക്കുകയും, ഓരോ കുടുംബവും പെസഹാ വ്യാഴാഴ്ചയോടനുബന്ധിച്ച് ഏറ്റവും കുറഞ്ഞത് ഒരു ദിവസത്തെ വരുമാനമെങ്കിലും തന്ന് സഹായിക്കുകയും ചെയ്തുകൊണ്ടിരുന്നാൽ ഈ പദ്ധതി ഏറ്റവും നല്ല രീതിയിൽ മുന്നോട്ട് കൊണ്ടുപോകുവാൻ സാധിക്കും.

പ്രാർത്ഥനയുടെയും ഉപവാസത്തിന്റെയും ദാനധർമ്മത്തിന്റെയും ചൈതന്യത്തിൽ വലിയ നോമ്പിലൂടെ നാം മിശിഹായിലേക്ക് വളരുമ്പോൾ ഈ നിയോഗം നമ്മുടെ മനസിലുണ്ടായിരിക്കട്ടെ. പള്ളിയിൽ നിന്നും നല്കുന്ന പ്രത്യേക കവറിൽ നിങ്ങളുടെ സംഭാവനകൾ നല്കണമെന്ന് ഓർമ്മിപ്പിക്കുന്നു.

ഈശോയിൽ സ്നേഹപൂർവ്വം

മാർ ജോസഫ് പണ്ടാരശ്ശേരിൽ
ചെയർമാൻ, CEFAK കേന്ദ്ര കമ്മിറ്റി

Kottayam
24-02-2017